## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ.112. 04.02.2019 -ലെ മറുപടിയ്ക്ക്.

## രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കരണ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | **ജി.സുധാകരൻ** |
| **,, ജോർജ് എം. തോമസ്** | **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| **,, മുരളി പെരുനെല്ലി** | |
| **,, കെ.ഡി. പ്രസേനൻ** | |

(എ) നിയമാനുസൃതമായി ഭൂമി രജിസ്ട്രേഷന് എത്തുന്നവരിൽ നിന്നുപോലും രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർ കൈക്കൂലി വാങ്ങുന്നതായി പറയപ്പെടുന്ന സ്ഥിതി അവസാനിപ്പിക്കാൻ ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഒഴിവാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ചെയ്തിട്ടുണ്ട് .

2)വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

3) വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാര ഇടപാടുകളിൻമേൽ മുദ്രവില ഈടാക്കുന്നതിനുള്ള മാനദണ്ഡം ഗൈഡ് ലൈൻ വാല്യു എന്ന രീതിയ്ക്ക് പകരമായി സംസ്ഥാനത്തെ ഭൂമിയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൻമേലുള്ള

| | | |
|---|---|---|
| | | അപാകതകൾ പരിഹരിക്കുന്നതിനായി ഭൂവില യുക്തിപരമായി പുതുക്കി നിശ്ചയിച്ചു.<br><br>4) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേയ്മെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>5) ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br><br>6) ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br><br>7) ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നുണ്ട് . |
| (ബി) | ആധാരം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന രീതി വ്യാപകമായിട്ടുണ്ടോ; ഈ സംവിധാനത്തിന്റെ പോരായ്മ നികത്താനായി നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ആധാര കക്ഷികൾ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. എന്നാൽ ആധാരത്തിന്റെ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിനും, ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും സാധിക്കുന്നതാണ്. നെറ്റ് വർക്ക് തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി ദീർഘകാലം സുരക്ഷിതമായി സൂക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമായി പത്തനംതിട്ട ജില്ലയിലെ 15 സബ് രജിസ്ട്രാർ ഓഫീസുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരികയാണ്. |
| (ഡി) | ഭൂരിഭാഗം സബ് രജ്സ്ട്രാർ ഓഫീസുകളും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് അവസാനിപ്പിച്ച് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ? | ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾക്ക് അനുയോജ്യമായ സർക്കാർ വക സ്ഥലം ലഭ്യമാകുകയോ, അതില്ലായെങ്കിൽ സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുകയോ ചെയ്യുമ്പോൾ അവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരികയാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സുൽത്താൻബത്തേരി, പെരിന്തൽമണ്ണ, രാജപുരം, തൃശ്ശൂർ, കക്കോടി, മക്കരപ്പറമ്പ്, തൂണേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളും, തൃശ്ശൂർ ജില്ലാ രജിസ്ട്രാർ ഓഫീസും അനുബന്ധ ഓഫീസുകളും പുതിയതായി നിർമ്മിച്ച സർക്കാർ കെട്ടിടങ്ങളിലേക്കും, കോഴഞ്ചേരി, കടയ്ക്കൽ, കാഞ്ഞിരപ്പള്ളി, മുക്കം, മാന്നാർ, ഇരിങ്ങാലക്കുട എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനുകളിലേക്കും മാറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിന് 51 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു ഭരണാനുമതി നൽകുകയും, കെട്ടിട നിർമ്മാണത്തിനുള്ള നടപടി ത്വരിതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**